**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T **5390**      26-03-2018 -ൽ മറുപടിക്ക്

## ഓഖി ചുഴലിക്കാറ്റ് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഓഖി ചുഴലിക്കാറ്റിനോട് അനുബന്ധിച്ചുണ്ടായ പ്രകൃതിദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് നിലവിൽ സർക്കാർ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | എ) & ബി) | ഓഖി ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് മണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ തരം തിരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ എറണാകുളം ജില്ലയിൽ 26,701 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 15 കി.ഗ്രാം അരി വീതം 400.515 മെട്രിക് ടൺ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017 ഡിസംബർ മാസത്തെ റേഷനും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്.<br>കരയിൽ വെച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾ അല്ലാത്ത രണ്ട് പേരുടെ ആശ്രിതർക്ക് ധനസഹായമായി എസ്.ഡി.ആർ.എഫ്-ൽ നിന്നും 4 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ ഉൾപ്പെടെ 6 ലക്ഷം രൂപ (ആകെ 12 ലക്ഷം രൂപ) വിതരണം ചെയ്തിട്ടുണ്ട്.<br>ആശ്വാസ ധനസഹായമായി 8540 കുടുംബങ്ങൾക്ക് 2,000/- രൂപ വീതം 1,70,80,000/- രൂപ വിതരണം നടത്തിയിട്ടുണ്ട്.<br>കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനായി തിരച്ചിൽ നടത്തുന്നതിന് 1,04,00,000/- (ഒരു കോടി നാല് ലക്ഷം രൂപ മാത്രം) രൂപ ഫിഷറീസ് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യം നേരിടുന്നതിന് 15 ലക്ഷം രൂപ കൊച്ചി തഹസിൽദാർക്ക് എസ്.ഡി.ആർ.എഫ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ളതാണ്. ജില്ലാ മെഡിക്കൽ ഓഫീസർക്ക് 2.5 ലക്ഷം രൂപയും, ശുചിത്വമിഷന് 3,44,350/- രൂപയും, തഹസിൽദാർമാർക്കായി 1,48,900/- രൂപയും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ഡി.ഡി.എം.എ ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 1,49,23,550/- രൂപ കൊച്ചി തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. |
| ബി) | നഷ്ടപരിഹാരയിനത്തിൽ നിലവിൽ എത്ര ആളുകൾക്ക് എത്ര തുകവീതം ലഭ്യമാക്കാനുണ്ട്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ